## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1621 — 16.03.2015-ൽ മറുപടിയ്ക്ക്

### കണ്ണൂർ ജില്ലയിൽ പഞ്ചായത്ത്/മുൻസിപ്പൽ വിഭജനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.കെ.നാരായണൻ | | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| എ) | കണ്ണൂർ ജില്ലയിൽ പഞ്ചായത്ത്/ മുൻസിപ്പൽ വിഭജനങ്ങളുടെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) | കണ്ണൂർ മുൻസിപ്പാലിറ്റിയും പള്ളിക്കുന്ന്, പുഴാതി, എടക്കാട്, എളയാവൂർ, ചേലോറ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളും കൂട്ടിചേർത്ത് കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷനും തളിപ്പറമ്പ് മുൻസിപ്പാലിറ്റി വിഭജിച്ച് ആന്തൂർ മുൻസിപ്പാലിറ്റി രൂപീകരിക്കുവാനും കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് പ്രദേശം മുൻസിപ്പാലിറ്റി യായി പരിവർത്തനപ്പെടുത്തുന്നതിനും പാനൂർ, പെരിങ്ങളം, കരിയാട് ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങൾ കൂട്ടിചേർത്ത് പാനൂർ മുൻസിപ്പാലിറ്റി രൂപീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| ബി) | പ്രസ്തുത വിഭജനത്തിന് മാനദണ്ഡം പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | ബി) | ഉണ്ട്. ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മെച്ചപ്പെട്ട സർവീസ് ഡെലിവറി ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയാണ് മുഖ്യമാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.